**GAZETTE DATE : 31.12.2025**
**LAST DATE : 04.02.2026**

## GENERAL RECRUITMENT – STATEWIDE

## CATEGORY NO: 873/2025

Applications are invited Online only through One Time Registration from qualified candidates for appointment in the under mentioned post in Kerala Government Service. Before applying for the post the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1. **Department** : **Government Homoeopathic Medical Colleges**
2. **Name of Post** : **Professor in Anatomy**
3. **Scale of pay** : **As per UGC norms**
4. **Number of vacancy** : **02 (Two)**

The above vacancies are now in existence. The Ranked list of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancies if any that may be reported to the Commission during the period of currency of the list.

5. **Method of appointment** : Direct Recruitment.
6. **Age limit** : 22-45. Only candidates born between 02.01.1980 and 01.01.2003 (both dates included) are eligible to apply for this post. Other backward Communities and SC/ST candidates are eligible for usual age relaxation. (For other conditions regarding age relaxation please see Para 2 of Part II General Conditions of the Gazette notification.)
7. **Qualifications** : (i) Essential Qualification

(A) Post Graduate Degree in Homoeopathy with not less than five years of teaching experience as an Associate Professor in the subject concerned or not less than ten years of regular teaching experience in the subject concerned in a recognised homoeopathic medical institution;

OR

(B) Post Graduate Medical Degree in the concerned subject recognised by the National Medical Commission with five years of teaching experience as an Associate Professor in the subject concerned or not less than ten years of regular teaching experience in the subject concerned in a homoeopathic medical institution or in a medical college permitted by the Central Government.

OR

(C) Recognised under graduate degree in homoeopathy along with post graduate degree in Medical Anatomy from recognised University or medical institution as recognised by the National Medical Commission with twelve years of regular teaching experience in the subject concerned in a Homoeopathic Medical Institution.

OR

(D) Recognised Post Graduate Degree in Medical Anatomy along with Ph.D from recognised university or medical institution as recognised by the National Medical Commission with not less than twelve years of regular teaching experience in the subject concerned in a Homoeopathic Medical Institution.

AND

(E) Must have published atleast two original publications as Principal or co-author in indexed or peer reviewed journal.

(ii) Desirable Qualification

(A) Experience of not less than five years as supervisor or guide for post-graduate programme in homoeopathy.

AND

(B) Administrative experience of not less than three years in a homoeopathic medical college or hospital.

AND

(C) Research Experience in a research institution recognised by the concerned university or the State Government or Central Government or Union Territory Administation or in a project registered with Clinical Trials Registry – India.

**Note:-**

i. Rule 10(a) (ii) of Part II of KS & SSR is applicable.

ii. In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

iii. Candidates must upload experience certificate at the time of submission of application itself. Otherwise the application will be rejected. The certificate to prove experience shall be in the format given below:

Name of the Institution/ Hospital :

<u>**Certificate of Experience**</u>

Issued to ............................................................(here enter name & address)

This is to certify that the above mentioned person has worked / has been working as …................................................ and has …...................... years of teaching experience in the department of Anatomy in ........................................................... (Name and Address of the institution/ hospital) during the period from ..................... to ........................... . During this period he / she has involved in the teaching programme of Post graduate/ Undergraduate students.

Also certified that this Institution/ hospital was being run by the recognition of the National Medical Commission / National Commission for Homoeopathy during the above period.

Signature, Name & Designation of
issuing authority with name of the institution

Place:
Date:

(Office seal)

**8. Method of submitting applications :-**

(a) Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for the post. **Candidates who create profile afresh must upload a photograph taken within six months.** Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the print out of the application by clicking on the link `My applications' in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age, Community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

(b) If written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the Admission Tickets prior to 15 days of the Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The period regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their profiles and in the mobile phone number registered .

(c) "Candidates who have AADHAAR Card should add AADHAAR as ID Proof in their profile."

**9. Special Instructions to Candidates :-**

a) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

b) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

c) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**10. Last date for receipt of applications :- 04.02.2026 Wednesday up to 12 Midnight.**

**11. Address to which applications are to be sent:-** www.keralapsc.gov.in

(For details including Photo ,ID Card , etc. refer the General Conditions given in part II of the Gazette Notification. )

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION

## ജനറൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം
## കാറ്റഗറി നമ്പർ : 873/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനകം രജിസ്റ്റർ ചെയ്തവർ അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** |
| 2. | **ഉദ്യോഗപ്പേര്** | : | **പ്രൊഫസർ – അനാട്ടമി** |
| 3. | **ശമ്പളം** | : | **യു. ജി.സി നിരക്ക്** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **02 (രണ്ട് )** |

മുകളിൽ കൊടുത്തിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും, ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 5. | **നിയമന രീതി** | : | **നേരിട്ടുള്ള നിയമനം** |
| 6. | **പ്രായപരിധി** | : | **22–45** ഉദ്യോഗാർത്ഥികൾ **02.01.1980**–നും **01.01.2003**–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക സമുദായത്തിൽ പ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.) |
| 7. | **യോഗ്യതകൾ** | : | അവശ്യ യോഗ്യതകൾ: |

(എ) ഹോമിയോപ്പതിയിൽ ബിരുദാനന്തരബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ അസോസിയേറ്റ് പ്രൊഫസറായി അഞ്ചു വർഷത്തിൽ കുറയാത്ത അംഗീകൃത ഹോമിയോപ്പതി മെഡിക്കൽ സ്ഥാപനത്തിലെ അധ്യാപന പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പത്ത് വർഷത്തിൽ കുറയാത്ത അംഗീകൃത ഹോമിയോപ്പതി മെഡിക്കൽ സ്ഥാപനത്തിലെ റെഗുലർ അധ്യാപന പരിചയം.

അല്ലെങ്കിൽ

(ബി) ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ച ബിരുദാനന്തര ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ അസോസിയേറ്റ് പ്രൊഫസർ ആയുള്ള അഞ്ചു വർഷത്തെ അധ്യാപന പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്രസർക്കാർ അംഗീകൃത ഹോമിയോപ്പതി മെഡിക്കൽ സ്ഥാപനത്തിലോ മെഡിക്കൽ കോളേജിലോ പത്തു വർഷത്തിൽ കുറയാത്ത റെഗുലർ അധ്യാപന പരിചയം.

അല്ലെങ്കിൽ

(സി) ഹോമിയോപ്പതിയിൽ അംഗീകൃത ബിരുദവും നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ച യൂണിവേഴ്സിറ്റി / മെഡിക്കൽ സ്ഥാപനത്തിൽ നിന്നുള്ള മെഡിക്കൽ അനാട്ടമിയിലെ ബിരുദാനന്തര ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ ഹോമിയോപ്പതി മെഡിക്കൽ സ്ഥാപനത്തിലെ പന്ത്രണ്ടു വർഷത്തെ റെഗുലർ അധ്യാപന പരിചയം.

അല്ലെങ്കിൽ

(ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ച യൂണിവേഴ്സിറ്റി / മെഡിക്കൽ സ്ഥാപനത്തിൽ നിന്നുള്ള മെഡിക്കൽ അനാട്ടമിയിലെ ബിരുദാനന്തരബിരുദവും പി.എച്ച്.ഡിയും ബന്ധപ്പെട്ട വിഷയത്തിൽ ഹോമിയോപ്പതി മെഡിക്കൽ സ്ഥാപനത്തിൽ നിന്നുള്ള പന്ത്രണ്ടു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയവും.

(ഇ) ഇൻഡക്സ്ഡ് അല്ലെങ്കിൽ പീർ റിവ്യൂ ചെയ്ത ജേർണലിൽ പ്രിൻസിപ്പൽ അല്ലെങ്കിൽ കോ-ഓതർ എന്ന നിലയിൽ കുറഞ്ഞത് രണ്ട് ഒറിജിനൽ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ചിരിക്കണം.

(II)അഭിലഷണീയമായ യോഗ്യതകൾ:

(എ) ഹോമിയോപ്പതിയിൽ ബിരുദാനന്തരബിരുദ പ്രോഗ്രാമിന് സൂപ്പർവൈസർ അല്ലെങ്കിൽ ഗൈഡ് ആയി അഞ്ച് വർഷത്തിൽ കുറയാത്ത പരിചയം.

(ബി) ഹോമിയോപ്പതി മെഡിക്കൽ കോളേജിലോ ആശുപത്രിയിലോ മൂന്നു വർഷത്തിൽ കുറയാത്ത അഡ്മിനിസ്ട്രേറ്റീവ് പരിചയം

(സി) ബന്ധപ്പെട്ട സർവ്വകലാശാലയോ, സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, യൂണിയൻ ടെറിട്ടറി അഡ്മിനിസ്ട്രേഷനോ അംഗീകരിച്ചിട്ടുള്ള ഒരു ഗവേഷണ സ്ഥാപനത്തിലോ ക്ലിനിക്കൽ ട്രയൽസ് രജിസ്ട്രി ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പ്രോജക്ടിലോ ഉള്ള ഗവേഷണ പരിചയം.

**കുറിപ്പ്:-**

1. KS&SSR Part II Rule 10(a) (ii) ബാധകമാണ്.

2. ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ, സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

3. ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

സ്ഥാപനത്തിന്റെ/ആശുപത്രിയുടെ പേര്:

**<u>പരിചയ സർട്ടിഫിക്കറ്റ്</u>**

ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും ...............................................

മുകളിൽ പറഞ്ഞിരിക്കുന്ന ആൾ അനാട്ടമി ഡിപ്പാർട്ട്മെന്റിൽ .................................... ആയി ..........................തീയതി മുതൽ ............................. വരെയുള്ള കാലയളവിൽ .............................. വർഷം ഈ സ്ഥാപനത്തിൽ / ആശുപത്രിയിൽ .............................................................................. (സ്ഥാപനത്തിന്റെ/ആശുപത്രിയുടെ പേരും മേൽവിലാസവും) ................................................................................... (തസ്തികയുടെ പേര്) ജോലി ചെയ്തിട്ടുണ്ടെന്ന്/ ജോലി ചെയ്തു വരുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ കാലയളവിൽ ടിയാൻ /ടിയാൾ പോസ്റ്റ് ഗ്രാജ്വേറ്റ്/അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ അദ്ധ്യാപനത്തിൽ പരിചയം കൈവരിച്ചിരുന്നു.

മുകളിൽ സൂചിപ്പിച്ച കാലയളവിൽ ഈ സ്ഥാപനം/ആശുപത്രി നാഷണൽ മെഡിക്കൽ കമ്മീഷൻ /നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ അംഗീകാരത്തോടെയാണ് നടത്തപ്പെട്ടിരുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ ഒപ്പ്, പേര്
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

**8. അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആറുമാസത്തനുള്ളിൽ എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ

ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

(എ) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ് എസ് എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലിയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളെ അസാധുവാക്കുകയോ അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അധിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

10. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 04.02.2026 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.**

11. **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം:** www.keralapsc.gov.in

(ഫോട്ടോ, ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 – ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ